(സി) കാവേരി നദീജലം ഉപയോഗിച്ച് ഏതൊക്കെ ജലസേചന, ജല വൈദ്യുത പദ്ധതികളാണ് കേന്ദ്രാനുമതിക്ക് സംസ്ഥാനം സമർപ്പിച്ചിട്ടുള്ളത്;

(ഡി) ഇവയ്ക്ക് എന്നത്തേയ്ക്ക് അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാവേരി നദീജലതർക്കം പരിഹരിക്കുന്നതിന് രൂപീകരിച്ച കാവേരി റിവർ അതോറിറ്റിയുടെ യോഗം ഏറ്റവുമൊടുവിൽ 28.10.99-ന് പ്രധാമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ന്യൂ ഡൽഹിയിൽ ചേരുകയുണ്ടായി. കാവേരി നദീജലത്തിൽ കേരളത്തിന് ന്യായമായി ലഭിക്കേണ്ട വിഹിതം കാവേരി റിവർ അതോറിറ്റി പരിഗണിക്കണമെന്ന് പ്രസ്തുത യോഗത്തിൽ കേരള സംസ്ഥാനം ആവശ്യപ്പെട്ടു.

(ബി) ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ ഉപയോക്താക്കൾ കർണ്ണാടകവും തമിഴ്നാടും പോണ്ടിച്ചേരിയുമാണ്. പ്രസ്തുത ഉത്തരവ് കേരളത്തിന് ബാധകമല്ല. എന്നാൽ ശ്രീ. Z. ഹസ്സന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിയുടെ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.

(സി) നൂൽപ്പുഴ, തിരുനെല്ലി, മച്ചാട്. തോണ്ടാർ, അട്ടപ്പാടി, കാരാപ്പുഴ എന്നീ ജലസേചനപദ്ധതികളും ബാണാസുരസാഗർ, മാനന്തവാടി, കേരള ഭവാനി എന്നീ വിവിധോദ്ദേശ പദ്ധതികളുമാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്.

(ഡി) കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതിൽ കാരാപ്പുഴ പദ്ധതിക്കുമാത്രമേ അനുമതി ലഭിച്ചിട്ടുള്ളൂ. കാവേരി നദീജലതർക്കം ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്നതിനാൽ ബാക്കി പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കനുസൃതമായി വെയ്ക്കും കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6 (1598) മന്ത്രിമാരുടെ ടെലിഫോൺ ചാർജ്ജ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മന്ത്രിമാരുടെ ഓഫീസുകളിലെ ടെലിഫോൺ എക്സ്ചേഞ്ചിനുവേണ്ടി മാത്രം ഇതുവരെ എന്തു തുക ചെലവ് വന്നിട്ടുണ്ട്?

ഉത്തരം

(എ) മുഖ്യമന്ത്രി, വനം, ഗതാഗതം, ദേവസ്വം വകുപ്പുമന്ത്രി, ധനകാര്യം, എക്സൈസ് വകുപ്പുമന്ത്രി, വിദ്യുച്ഛക്തി, സഹകരണവകുപ്പുമന്ത്രി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവരുടെ ഓഫീസുകളിൽ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1,31,900/ രൂപ (ഒരു ലക്ഷത്തിമുപ്പത്തിഒന്നായിരത്തി തൊള്ളായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly